
എസ് എം വി ഗവൺമെന്റ് മോഡൽ ഹയർ സെക്കണ്ടറി സ്കൂൾ
നിറച്ചാർത്ത്
little KITEs

# ആമുഖം


1.പ്രളയവഴികളിലൂടെ കേരളം.....................................

2.എന്റെ കൃഷ്ണൻ.............................................................

3. നഷ്ടവനം.............................................................

4. പ്രളയം .......................................................

5. ജലം ഒരു ജീവാമൃതം.............................................

5. ഒരു പൂവിന്റെ വേദന..............................................

6. കേഴുന്ന മരം.................................

# "പ്രളയവഴികളിലൂടെ കേരളം"

ഈ നൂറ്റാണ്ടു കണ്ട ഏറ്റവും ഭീകരമായ പ്രകൃതി ദുരന്തമാണ് 2018 ലും 2019 ലും കേരളം കണ്ട പ്രളയം. കേരളത്തിന്റെ വിവിധ മേഖലകളിലുണ്ടായ ഉരുൾപൊട്ടലും മണ്ണിടിച്ചിലും അനേകം ജീവനുകൾ നഷ്ടമാക്കി. നിരവധി ജൈവ വൈവിധ്യ മേഖലകളുംകൃഷിസ്ഥലങ്ങളും പാർപ്പിടങ്ങളും നശിച്ചു. അതിശക്തമായ മഴയും മണ്ണിടിച്ചിലുംകാരണംധാരാളം വീടുകൾ പൂർണമായി തകർന്നു.ഉരുൾപൊട്ടലുണ്ടായ വയനാട്,മേപ്പാടി,പുത്തുമല,കോഴിക്കോട് വിലങ്ങാട് നിലമ്പൂർ,കവളപ്പാറ മലപ്പുറം എലവമണ്ണ എന്നിവിടങ്ങളിലായി നിരവധി ജീവനുകൾ നഷ്ടപെട്ടത്. ഒരു ദിവസം ഇരുട്ടി വെളുത്തപ്പോഴേക്കും ഉറ്റവരുടെ ജീവനും സ്വന്തമായതെല്ലാം നഷ്ടപെട്ടവരുടെ ദയനീയ മുഖവും ദീനരോദനങ്ങളും ഇന്നും മലയാളി മനസ്സിൽ ഒരു തീരാ വേദനയായി നില നില്ക്കുന്നു. കേരളജനത ഒന്നാകെ ഒറ്റകെട്ടായി നിന്നാണ് ഈ ദുരന്തത്തെ നേരിട്ടത് . മനുഷ്യ ഹൃദയങ്ങൾ ഒന്നാകെ സഹായ ഹസ്തങ്ങളുമായി വന്നു ദുരന്തത്തിൽ പെട്ടവർക്ക് എല്ലാ സഹായങ്ങളും നൽകി.വീട് നഷ്ടപെട്ടവർക്ക് വീട് വച്ച് നൽകാനും വസ്ത്രം ഭക്ഷണം തുടങ്ങി എല്ലാ ആവശ്യങ്ങൾക്കും കേരളം കേന്ദ്ര ഗവൺമെന്റുകളും നാട്ടുകാരും ദുരന്ത നിവാരണ സേനയും സന്നദ്ധ സംഘടനകളും പ്രവർത്തകരും മുന്നിട്ടു നിന്നു തുടർച്ചയായുണ്ടായ പ്രളയ ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ പുനർവിചിന്തനം നടത്തി പ്രകൃതി ക്ഷോഭങ്ങൾക്കുള്ള കാരണങ്ങൾ കണ്ടെത്തി പ്രകൃതിയെയും ജൈവവൈവിധ്യ മേഖലകളെയും തകർക്കുന്ന മാനുഷിക പ്രവർത്തനങ്ങളെ നിയന്ത്രിക്കാനും അവയെ സംരക്ഷിക്കാനുമുള്ള സന്ദേശങ്ങൾ എങ്ങും പ്രചരിക്കട്ടെ ............

അർജുൻരാജ്.പി



## എന്റെ കൃഷ്ണൻ

ഇവിടെയമ്പാടി തൻ

കോണിലരിയ മൺകുടിലിൽ

മേവുമൊരു പാവം കൃഷ്ണാ

നീയെന്നെയറിയില്ല

ശബളമാം പാവാട ഞൊറികൾ ചുഴലുന്നു

കാൽത്തളകൾ കള കള ശിഞ്ചിതം പെയ്കെ

തിളങ്ങുന്ന കുടവുമായ് മിഴികളിൽ

അനുരാഗ മഞ്ജനം ചാർത്തി

ജലമെടുക്കാനെന്നമട്ടിൽ ഞാൻ

തിരുമുൻപിൽ ഒരുനാളുമെത്തിയിട്ടില്ല

കൃഷ്ണാ  നീയെന്നെയറിയില്ല

അഖിൽ രമേഷ്



# നഷ്ടവനം

ഇവിടെ ഒരു മരം ഉണ്ടായിരുന്നു

കണ്ടാലുമെന്തൊരു

കുളിരായിരുന്നു കണ്ണിന്

തണലായിരുന്നു ചുറ്റിലും

പൂമണക്കാറ്റുണ്ടായിരുന്നു

തേൻക്കനിക്കൂടമുണ്ടായിരുന്നു

ക്ഷീണമകറ്റുവാൻ തണലുമുണ്ടായിരുന്നു

വനമതിനു മനമുണ്ടായിരുന്നു

മന്ത്രൗഷധങ്ങളാൽ സൗഖ്യമേറ്റാൻ

കഴിവുണ്ടായിരുന്നു കനിവുണ്ടായിരുന്നു

വനമതു മഹാവനം ഭൂമിക്കും

ജീവനും അഖില ജനങ്ങൾക്കും

പാലനം ചെയ്യാനമൃതുമായ്

നിൽക്കുമീ ഭൂമിതൻ ജീവനം

അർജുൻ രാജ്

# പ്രളയം



പ്രളയം പടർന്നു ഉരുൾ

പൊട്ടുന്നു

കേരളം ഹൃദയം തേങ്ങി

തുടങ്ങി

നിലവിളിയൊച്ചകൾ എങ്ങുമെങ്ങും

തരളിത  ഹൃദയങ്ങൾ കൈകോർക്കുന്നു

ഇരുൾ മൂടി കാർമുകിൽ അലയടിച്ചെത്തുന്നു

മനുകുലമാകെയും ഭീതിയോടലയുന്നു

ഒത്തു ചേരുക സഹചാരി

ഇന്ന് നമ്മളൊന്നിക്കണം

മാനമെലിഞ്ഞു സ്നേഹിതർക്കായി

കരുതണം വൈകാതിനി

യദു എസ് രാഗേഷ്

# ജലം ഒരു ജീവാമൃതം




ജലം ജീവന്റെ നിലനിൽപ്പിന് അത്യന്താപേക്ഷിതമാണ്.വർധിച്ചു വരുന്ന ജനസംഖ്യയും മാറി വരുന്ന ജീവിത ശൈലിയും വേഗത കൈവരിച്ച കാർഷിക വ്യാവസായിക വികസനവും ജലത്തിന്റെ ഉപയോഗം മുൻകാലങ്ങളെ അപേക്ഷിച്ച് വർധിക്കുവാൻ കാരണമാകുന്നു. ഈ സാഹചര്യത്തിൽ നമ്മുടെ ജലസമ്പത്ത് വരും തലമുറകൾക്കു കൂടി ലഭ്യമാകണമെന്ന് ഉറപ്പു വരുത്തേണ്ടതുണ്ട്. സമഗ്രവും സുസ്ഥിരവുമായ ജലസംരക്ഷണം അതുകൊണ്ടുതന്നെ വളരെയേറെ പ്രാധാന്യമർഹിക്കുന്നു.

നമ്മുടെ സംസ്ഥാനത്തെ ഭൂരിപക്ഷം ജനങ്ങളും കുടിവെള്ളത്തിനായി ഇപ്പോഴും കിണറുകളെയാണ് ആശ്രയിക്കുന്നത്. ഈ കിണറുകളിൽ ജലം ലഭിക്കുന്നതാവട്ടെ നമുക്ക് ലഭിക്കുന്ന മഴയിൽ നിന്നും. നിമ്നോന്നതമായ ഭൂപ്രകൃതിയും സസ്യജാലങ്ങളുടെ കുറവും നഗരവൽക്കരണത്തിന്റെ ദൂഷ്യവശങ്ങളും നിമിത്തം മഴവെള്ളം ആവശ്യത്തിന് ഭൂമിയിൽ താഴാതെ പാഴായി പോവുകയാണ്.

രൂക്ഷമായ ജലക്ഷാമം പരിഹരിക്കുന്നതിനായി പല തരത്തിലുള്ള സംരക്ഷണ മാർഗ്ഗങ്ങൾ അവലംബിക്കാവുന്നതാണ്. മേൽക്കൂരയിൽ നിന്നുമുള്ള വെള്ളം കിണറിലേക്കും മഴവെള്ള സംഭരണിയിലേക്കും ഒഴുക്കുക,ചരിവുള്ള ഭൂമിയെ തട്ടുകളാക്കി തിരിക്കുക,നീർക്കുഴികൾ നിർമ്മിക്കുക, കിടങ്ങുകൾ, കുളങ്ങൾ, കിണറുകൾ ഇവ നിർമ്മിക്കുക, നീർച്ചാലുകളിലും തോടുകളിലും തടയിണകൾ സ്ഥാപിക്കുക.മരങ്ങൾ നട്ടു പിടിപ്പിക്കുക. ഇത്തരം പ്രവർത്തനങ്ങൾ മഴവെള്ളത്തിന്റെ ഒഴുക്ക് നിയ(ന്തിച്ച് മണ്ണിൽ തടഞ്ഞു നിർത്തി ഈർപ്പം വർധിപ്പിക്കുകയും ഭൂഗർഭജലശേഖരം വർധിപ്പിക്കുകയും ചെയ്യുന്നു.എല്ലാ മണ്ണുസംരക്ഷണ പ്രവർത്തനങ്ങളും മണ്ണിനൊപ്പംജലത്തെയുംസംരക്ഷിക്കുമെന്നുള്ളതു കൊണ്ട് ഇത്തരത്തിലുള്ള എല്ലാ പ്രകൃതിസംരക്ഷണ മാർഗ്ഗങ്ങളും അവലംബിക്കാൻ നമ്മൾ ഓരോരുത്തരും കടപ്പെട്ടിരിക്കുന്നു.

**ജോഷ്വാ ബി**

# ഒരു പൂവിന്റെ വേദന



ഇന്നലെ ഞാനൊരു മൊട്ടായിരുന്നു.

ഇന്ന് ഞാനൊരു പൂവായിരിക്കുന്നു.

എന്നിലെ സൗരഭ്യനെങ്ങും പരത്തുവാൻ

എപ്പോഴുമിളം കാറ്റ് ചുറ്റിടുന്നു

ഇന്നു വരുമവർ ശലഭങ്ങളായിരം

രാഗങ്ങൾ പാടി മധു നുകർന്നിടുവാൻ

മോഹങ്ങളോടെ പുളകിത മനവുമായ്

കാത്തിരുന്നെന്നുടെ നല്ല നാളൊക്കെയും

വന്നൂലൊരൊറ്റ മധുപനിതുവരെ

വന്നില ചിത്രപതംഗങ്ങളൊന്നുമേ

മാനവരെന്നിൽ തളിക്കുമാ-

കീടവിഷങ്ങളവരെ ഹനിച്ചുപോൽ

ഈ ഗതിയായിടുമോ

ഇനിയീ ജീവജാലങ്ങൾക്കൊക്കെയും...

മിഥുൻ ബി

## കേഴുന്ന മരം



മരമൊന്നു നമ്മൾ മുറിച്ചിട്ടുമ്പോൾ

തണലൊന്നു മെല്ലെ തകർന്നു പോകും

അഭയത്തിനെത്തുന്ന കിളികൾ പോകും

നിറരുചിയേകും പഴങ്ങൾ പോകും

മണമുള്ള മധുവുള്ള മലരു പോകും

കുട നീർത്തി നിൽക്കുന്ന കാഴ്ച പോകും

ഹരിതാഭയേകും തരുക്കൾ പോകെ

നരജീവിതത്തിന്റെ താങ്ങു പോകും

മാറ്റ്സിയൽ ഫിലിപ്പ്

നന്ദി......

